**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1916** **20-06-2024 - ൽ മറുപടിയ്ക്ക്**

**കുന്നമ്മൽ വോളിബോൾ അക്കാദമി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കുന്നമ്മൽ വോളിബോൾ അക്കാദമി നിർമ്മാണ പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; | (എ) | കുന്നമ്മൽ വോളിബോൾ അക്കാദമി നിർമ്മാണ പ്രവൃത്തിയ്ക്ക് 26.04.2023-ലെ സ.ഉ.(സാധാ.) നം. 118/2023/കാ.യു.വ പ്രകാരം 1 കോടി 5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 29.03.2023-ൽ സാങ്കേതികാനുമതി നൽകുകയും, 13.04.2023 തീയതിയിൽ ടെൻഡർ ക്ഷണിക്കുകയും അതിൻ പ്രകാരം കുറഞ്ഞ നിരക്ക് 73.49 ലക്ഷം ക്വാട്ട് ചെയ്ത ശ്രീ.മനീഷ് കെ., കോഴിക്കോട് എന്ന കരാറുകാരന് 16.05.2023 ൽ വർക്ക് ഓർഡർ നൽകിയിരുന്നു. എന്നാൽ കരാറുകാരൻ എഗ്രിമെന്റിൽ ഏർപ്പെടാത്ത സാഹചര്യത്തിൽ ടിയാനെ പ്രസ്തുത പ്രവൃത്തിയിൽ നിന്നും 16.09.2023-ൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുകയും 17.10.2023, 07.11.2023 എന്നീ തീയതികളിൽ റീടെണ്ടറുകൾ ക്ഷണിക്കുകയും 18.12.2023-ൽ ശ്രീ.ചാർക്കല കുഞ്ഞൂത്തി കബീർ എന്ന കരാറുകാരന് 72.26 ലക്ഷം രൂപയ്ക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തു. ടി കരാറുകാരനും എഗ്രിമെന്റിൽ ഏർപ്പെട്ടിരുന്നില്ല.<br><br>ആയതിനാൽ 23.02.2024-ൽ പ്രവൃത്തിയ്ക്ക് റീടെന്റർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.മുബീർ.എം.എ., കാസർഗോഡ് എന്ന കരാറുകാരന് 84.85 ലക്ഷം രൂപയ്ക്ക് 10.06.2024-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത കരാറുകാരനുമായി എഗ്രിമെൻറിൽ ഏർപ്പെട്ട് പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവർത്തി എന്നാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും എത്ര കാലയളവിൽ പൂർത്തിയാക്കാനാവുമെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തി ജൂലൈ മാസത്തോട് കൂടി ആരംഭിക്കാൻ സാധിക്കുന്നതാണ്. 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (സി) | പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കരാറുകാരന് സ്പോർട്സ് കേരള ഫൗണ്ടേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ